# സംഘചൈതന്യ

നിശബ്ദരുടെ വിമോചന ശബ്ദം

**കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർത്താ പത്രിക**

പുസ്തകം 5 ലക്കം 2 ഫെബ്രുവരി 29, 2004


# നമ്മുടെ തൊഴിൽ ദർശനം

*ഒരേപ്രായമുള്ള രണ്ടു കഴുകൻ കുഞ്ഞുങ്ങൾ. രണ്ടു പേരും പതുക്കെ ചിറകുവിരിച്ച് ഉയരങ്ങളിലേക്ക് പറക്കാൻ ശ്രമിച്ചു. അതിൽ ഒരു കഴുകന് ഉയരത്തിൽ പറക്കാൻ സാധിക്കും. രണ്ടാമന് കുറച്ചു ദൂരം മാത്രമേ പറക്കാൻ സാധിക്കുമായിരുന്നുള്ളൂ. അങ്ങനെ പറക്കാൻ പറ്റാത്ത കഴുകൻ കൂട്ടുകാരൻ നീലവിഹായസിലേക്ക് പറന്നുയരുന്നത് തെല്ലൊരു അസൂയയോടും തന്റെ കഴിവില്ലായ്മയെ പഴിച്ചുകൊണ്ട് ദുഃഖത്തോടും നിരാശയോടുംകൂടി മരക്കൊമ്പിൽ ഇരിക്കുകയായിരുന്നു. ഇങ്ങനെ അലക്ഷ്യമായി ഇരിക്കുന്ന അവസരത്തിൽ താഴെ ഒരു വേട്ടക്കാരൻ വരുന്നതുകണ്ട് ഒരു കുബുദ്ധി തോന്നി. വേട്ടക്കാരനോടു ആ കഴുകൻ പറഞ്ഞു: “അങ്ങ് ആകാശത്തിൽ കൂടി പറന്നു പോകുന്ന ആ കഴുകനെ വെടിവച്ചിട്ടാൽ ഇന്നത്തെ ആഹാരം കുശാലാകും.” അപ്പോൾ കൗശലക്കാരനായ വേട്ടക്കാരൻ പറഞ്ഞു: “വെടിവച്ചിടാം. പക്ഷേ നിന്റെ സഹായം വേണം. നിന്റെ തൂവലുകൾ വേണം.” കഴുകൻ തന്റെ തൂവലുകൾ രണ്ടെണ്ണം താഴേക്കിട്ടു. വേട്ടക്കാരൻ പറഞ്ഞു. “ഇതുപോരാ കുറെ തൂവലുകൾ കൂടി വേണം.” വിഡ്ഢിയായ കഴുകൻ കുറെ തൂവലുകൾ ഓരോന്നായി പിഴുതു താഴേക്കിട്ടു. തൂവലുകൾ നഷ്ടപ്പെട്ട കഴുകൻകുഞ്ഞ് നിഷ്പ്രയാസം വേട്ടക്കാരന്റെ കൈകളിലായി. അസൂയയുടെയും കുതന്ത്രത്തിന്റെയും പരിണിതഫലം.*

*ആഗോളവത്കരണത്തിന്റെ കാലഘട്ടത്തിൽ പുതിയതൊഴിൽ സംസ്കാരം തിരിച്ചറിയാതെ വിലപേശലും സമ്മർദ്ദതന്ത്രങ്ങളും പണിമുടക്കുകളും വഴി തങ്ങൾക്ക് പറന്നുയരാൻ അവശേഷിച്ചിരിക്കുന്ന ഏതാനും തൂവലുകൾ കൂടി വലിച്ചെറിഞ്ഞുകളയുന്ന പ്രവർത്തനശൈലികൾ നമ്മുടെ സമൂഹത്തിൽ കാണുന്നത് ഖേദകരമാണ്. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഫെബ്രുവരി 24ന് നടത്തിയ ദേശീയ പണിമുടക്ക്. തെരഞ്ഞെടുപ്പിന് മുമ്പ് അണികളിൽ സമരവീര്യം ആളിക്കത്തിക്കാനുള്ള തെരഞ്ഞെടുപ്പ് തന്ത്രമായാണ് രാഷ്ട്രീയകക്ഷികൾ ഇതിനെ കണ്ടെതെന്നുവേണം മനസ്സിലാക്കുവാൻ. അതുകൊണ്ടുതന്നെയാണ് സാധാരണ ജനങ്ങളെ പണിമുടക്കിലേക്ക് തള്ളിവിട്ട്, അതുവഴി അന്നന്നത്തെ ആഹാരത്തിനുള്ള വഴി തേടുന്നതിൽ നിന്നും തടഞ്ഞ രാഷ്ട്രീയ നേതാക്കൾ, അന്നേദിവസം തന്നെ തിരുവനന്തപുരത്ത് അധികാരക്കസേര നേടുവാനുള്ള മാർഗ്ഗത്തിന്റെ ഭാഗമായി സീറ്റുവിഭജന ചർച്ചകൾ നടത്തുവാൻ പ്ലാൻ ചെയ്തത്.*



*പുതിയ സാമ്പത്തിക ക്രമത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നുവെന്നത് നിസ്തർക്കമാണ്. അദ്ധ്വാനിക്കുന്ന എല്ലാ വിഭാഗങ്ങളും ആഗോളവത്കരണത്തിന്റെ വെല്ലുവിളികൾ നേരിടുന്നുണ്ട്. വികസിതരാജ്യങ്ങളിലേയും വികസ്വരരാജ്യങ്ങളിലെയും അവികസിത രാജ്യങ്ങളിലെയും തൊഴിൽമേഖല സമൂലമായ മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. വിദേശങ്ങളിൽ തൊഴിൽമേഖലയിലുണ്ടായ ഇടിവു ശ്രദ്ധിക്കുക. ഓരോ രാജ്യവും നിയമങ്ങൾ കൊണ്ടുവന്ന് തങ്ങളുടെ രാജ്യത്തെ തൊഴിലുകൾ നഷ്ടപ്പെടാതിരിക്കാൻ ശ്രമിക്കുന്നതാവും ഇനി ആഗോളരംഗത്തു കാണാൻ കഴിയുക. ഈ പുതിയ തൊഴിൽ സംസ്കാരത്തെയും നമ്മുടെ രാജ്യത്തെ സ്ഥിതി വിശേഷത്തെയും നമ്മുടെ തൊഴിലാളികളും തൊഴിലാളി സംഘടനകളും തിരിച്ചറിയുന്നുണ്ടോയെന്ന് ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും. ലോകത്തിന്റെ ജോലികൾ ചെയ്തുകൊടുക്കുന്ന വിധത്തിൽ നമ്മുടെ പുതിയ തൊഴിൽമേഖല ഒരു ദിവസത്തിന്റെ ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കാൻ സജ്ജമായി വരുന്നതാണ് ഡൽഹി, ഹൈദരാബാദ്, ബാംഗ്ലൂർ, മുംബൈ തുടങ്ങിയ നഗരങ്ങളിൽ ഇന്നു കാണുന്നത്. അത്തരം തൊഴിലുകൾക്കായി മറ്റു നഗരങ്ങളും തയ്യാറെടുപ്പു നടത്തുന്നു. ഇന്നലെവരെ നമുക്ക് അജ്ഞാതമായിരുന്ന ഒരു തൊഴിൽ സംസ്കാരത്തിലേക്കാണ് യുവതലമുറ ഇന്ത്യയെ നയിക്കുന്നത്. തൊഴിൽ ചെയ്യുക, പരമാവധി ഭംഗിയായി ചെയ്യുക എന്നതാണ് ആ സംസ്കാരത്തിന്റെ മുഖമുദ്ര. തൊഴിൽ ചെയ്യാതിരിക്കുക, തൊഴിൽ ചെയ്യാതിരിക്കാൻ പ്രേരിപ്പിക്കുക എന്ന നയത്തിനു കടകവിരുദ്ധം.*

*രാജ്യത്ത് ഒരുദിവസം തൊഴിൽമേഖല സ്തംഭിപ്പിച്ച് സാമ്പത്തിക വളർച്ച തടയുകയും ഇന്ത്യ നിക്ഷേപ സൗഹൃദരാജ്യമായിട്ടില്ലെന്നു പ്രഖ്യാപിക്കുകയുമാണോ പണിമുടക്കിന്റെ രാഷ്ട്രീയലക്ഷ്യം? അല്ലാതെ പണിമുടക്കുകൊണ്ട് ആരുടെ ഭാഗത്തുനിന്നും ഒരുറപ്പും നേടാനാവില്ല. ഇത്തരം വ്യർഥ വ്യായാമങ്ങൾക്ക് പുതിയ തൊഴിൽ സംസ്കാരത്തിൽ ഇടമില്ലെന്ന വസ്തുതയെങ്കിലും നമ്മളും നമ്മുടെ നേതാക്കൻമാരും മനസ്സിലാക്കിയാൽ കൊള്ളാം.ഒരു ദിവസത്തെ പണിമുടക്കുമൂലം രാജ്യത്തുണ്ടാകുന്ന ഉല്പാദനനഷ്ടം ആയിരംകോടി രൂപയിലധികം വരുമെന്നാണ് കണക്ക്. ഓഫീസുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അടഞ്ഞുകിടക്കുന്നതുകൊണ്ടുള്ള നഷ്ടം വേറെ. ഇന്ത്യ ജനാധിപത്യരാജ്യമായതിനാൽ പ്രതിഷേധിക്കാൻ ഇവിടെ ആർക്കും അവകാശമുണ്ട്. എന്നാൽ മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിച്ചുകൊണ്ടാകരുത് ഇത്തരം പ്രതിഷേധങ്ങൾ. ഇവിടെ ഓരോ പൊതു പണിമുടക്കും ‘വിജയിപ്പിക്കുന്നത്’ സംഘടിതരല്ലാത്ത പൊതുജനങ്ങളുടെമേൽ അത് അടിച്ചേൽപ്പിച്ചുകൊണ്ടാണ്. പണിമുടക്ക് ദിവസം ബസോടിക്കാൻ പോലും തയ്യാറാകാതെ സമരം വിജയപ്പിക്കാൻ സർക്കാരും എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്നു. പണിമുടക്കാൻ താല്പര്യമില്ലാത്തവർക്കും പിന്നെ വീട്ടിലിരിക്കുകയേ നിവൃത്തിയുള്ളൂ. കേരളത്തിൽ വികസനം നടക്കുന്നില്ലെന്നു പറഞ്ഞ് മുതലക്കണ്ണീരൊഴുക്കുന്ന നമ്മൾ, നിര*

ക്ഷരരെന്ന് നാം ആക്ഷേപിക്കുന്ന തമിഴ്നാട്ടുകാരെയും ആന്ധ്രക്കാരെയും കണ്ടുപഠിക്കണം. ആര് ആഹ്വാനം ചെയ്താലും നാം പണിമുടക്കി വീട്ടിലിരിക്കുമ്പോൾ അവരത് ശ്രദ്ധിക്കാനേ പോകാറില്ല.

കേരളത്തിൽ പണിമുടക്കിന് ഇത്രമാത്രം താല്പര്യമുണ്ടാകുന്നതിൽ നമുക്കോരോരുത്തർക്കും ഒരു നിർണ്ണായക പങ്കില്ലേ? പണിമുടക്കും ഹർത്താലും ഉണ്ടെന്നു കേൾക്കുമ്പോഴെ വിശ്രമമെടുക്കുവാൻ തയ്യാറെടുക്കുന്ന അലസതയുടെ മനോഭാവമാണ് നമ്മിൽ പലർക്കും. അതുകൊണ്ടുതന്നെ അല്പം ത്യാഗം സഹിച്ചാണെങ്കിലും പണിമുടക്കിനെ ബഹിഷ്കരിച്ച് നമ്മുടെ നാട്ടിൽ ഒരു പുത്തൻ സംസ്കാരം വളർത്തുവാനും ബദൽ മാതൃക കാണിക്കുന്ന വ്യക്തികളും സംഘങ്ങളുമാകുവാനും പലരും തയ്യാറാകുന്നില്ല. പക്ഷേ നാട് ഇങ്ങനെ പോയാൽ ഇതെവിടെച്ചെന്ന് അവസാനിക്കും? ഇതൊന്നും ഞാനുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല, എന്റെ വീട്ടിലും ഓഫീസിലും നിരവധി പ്രശ്നങ്ങളുണ്ട്. അതുപോലും കൈകാര്യം ചെയ്യാൻ കഴിയാത്തപ്പോൾ നാടിന്റെ ഭാവിയെ ഓർത്ത് വേവലാതിപ്പെടാൻ എന്തുകാര്യം? അഥവാ എന്റെ കാര്യങ്ങൾക്കൊന്നും ഇപ്പോൾ കുഴപ്പമില്ല. ഞാനെന്തിന് ആവശ്യമില്ലാത്ത കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച് വിഷമിക്കണം? എന്നിങ്ങനെയാണ് നമ്മുടെ ചിന്തകൾ. വേറെ ചിലർ തങ്ങളുടെ നിസ്സാരതയും നിസ്സഹായതയും മൂലമാണ് പൊതുവായ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാത്തത്. അഴിമതിയും അക്രമവും അധാർമ്മികതയും പെരുകുകയാണെന്നറിയാം. പക്ഷേ, നിസ്സാരനായ എനിക്കെന്തുചെയ്യാൻ കഴിയും? ഞാനൊരാൾ വിചാരിച്ചാൽ ഇത്രയും വലിയ പ്രശ്നങ്ങൾ മാറ്റാൻ പറ്റുമോ? ഇതാണവരുടെ ചിന്ത. മറ്റൊരു കൂട്ടർ ലോകത്തിൽ എന്തു സംഭവിക്കുന്നു എന്നു ചിന്തിക്കാറേയില്ല. സ്വന്തം സുഖം, സന്തോഷം നേട്ടങ്ങൾ ഇതിനപ്പുറത്ത് വേറൊന്നും അവർക്കില്ല.

നാടിന്റേയും ലോകത്തിന്റെയും പൊതുവായ ക്ഷേമം നമ്മുടെയും കുടുംബത്തിന്റെയും ക്ഷേമവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന സത്യം നാം തിരിച്ചറിയണം. നാട് ക്ഷേമമാർഗ്ഗങ്ങളിൽ നിന്നും വ്യതിചലിച്ചുപോകുമ്പോഴും എനിക്കും കുടുംബത്തിനും ഒരു പ്രശ്നവും ഇല്ലല്ലോ എന്നു നാം ചിന്തിക്കരുത്. കാരണം ഒരു പരിധികഴിയുമ്പോൾ നാടിന്റെ തകർച്ച നമ്മളെയും ബാധിക്കാതിരിക്കുകയില്ല. ഹിറ്റ്ലറാണ് രണ്ടാം ലോകമഹായുദ്ധത്തിന് കാരണക്കാരനായത്. പക്ഷേ അതിന്റെ അനന്തരഫലങ്ങൾ ജർമ്മൻ ജനത മുഴുവൻ അനുഭവിക്കേണ്ടി വന്നു. ഹിറ്റ്ലറുടെ ആര്യൻ സിദ്ധാന്തത്തെ തുടക്കത്തിൽ തന്നെ എതിർത്ത് തോല്പിച്ചിരുന്നുവെങ്കിൽ പതിനായിരക്കണക്കിന് കുഞ്ഞുങ്ങളും വൃദ്ധജനങ്ങളും അനാഥരാക്കപ്പെടുകയില്ലായിരുന്നു. അനേകലക്ഷം ജനങ്ങൾക്ക് ജീവൻ നഷ്ടപ്പെടാതിരിക്കുമായിരുന്നു. പട്ടിണിയുടേയും രോഗത്തിന്റെയും ഭീകരത ജർമ്മൻ ജനതയ്ക്ക് അന്യമാകുമായിരുന്നു. പക്ഷേ തുടക്കത്തിൽ, ജർമ്മനിയിലെ രാഷ്ട്രീയ ദർശനങ്ങളും പ്രവർത്തനങ്ങളും സാധാരണക്കാരന്റെ ജീവിതത്തെ ബാധിക്കുന്ന ഒന്നായി പലരും കരുതിയില്ല.



ഇതുപോലെ ഇന്നത്തെ രാഷ്ട്രീയ സാമൂഹ്യ അവസ്ഥകൾ വലിയ ദുരന്തത്തിലേയ്ക്കും വേദനകളിലേയ്ക്കുമാണ് നാടിനേയും നമ്മളെയും നയിച്ചുകൊണ്ടിരിക്കുന്നതെന്ന സത്യം തിരിച്ചറിഞ്ഞ് ഈ പോക്കിന് തടയിട്ടില്ലെങ്കിൽ, പിന്നീട് നാം വലിയ വില കൊടുക്കേണ്ടിവരും. സമൂഹത്തിൽ ഏതൊരു നല്ല മാറ്റത്തിനും ആദ്യം ചെയ്യേണ്ടത് ധാർമ്മികമായ ഉണർവ് നൽകുകയാണ്. സമൂഹത്തിന്റെ ധർമ്മബോധം മരവിച്ചും നഷ്ടപ്പെട്ടും കിടക്കുന്നതുകൊണ്ടാണ് അധർമ്മവും അനീതിയും തൽഫലമായുള്ള അരാജകത്വവും വ്യാപകമായിക്കൊണ്ടിരിക്കുന്നത്. സമൂഹത്തിൽ ധാർമ്മികമായ ഉണർവ് നൽകാൻ വിവിധ ഗ്രാമങ്ങളിലെ സ്വാശ്രയ സംഘാംഗങ്ങളും നമ്മുടെ പ്രവർത്തകരും കഴിഞ്ഞ പണിമുടക്കുദിനത്തിൽ പരിശ്രമിച്ചതിൽ അതിയായ സന്തോഷമുണ്ട്. അന്നേദിവസം കർമ്മനിരതരായി സമൂഹത്തിൽ പുത്തൻവികസന അദ്ധ്വാന സംസ്കാരത്തിന് മാതൃകകാട്ടിയ എല്ലാ കെ.എസ്.എസ്.എസ്. പ്രവർത്തകർക്കും സ്വാശ്രയസംഘാംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**മൈക്കിളച്ചൻ**

## പൊതുഅറിയിപ്പുകൾ

### വനിതാ ദിനാഘോഷങ്ങൾ

ലോകവനിതാദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്രതലത്തിലും മേഖലാതലങ്ങളിലും വൈവിദ്ധ്യമാർന്ന പരിപാടികളോടെ വനിതാദിനം ആഘോഷിക്കുന്നു. വനിതാ-നവോമി ഫെഡറേഷൻ ഭാരവാഹികളുടെ നേതൃത്വത്തിലാണ് ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്. "സ്ത്രീ ശക്തി സാമൂഹിക തിന്മകൾക്കെതിരെ" എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ട് മൂല്യങ്ങൾ കാത്തുസൂക്ഷിച്ച് അധാർമ്മകതയുടെയും വെല്ലുവിളികളുടെയും മുമ്പിൽ പതറാതെ ജീവിത പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കുവാൻ സ്വാശ്രയ സംഘാംഗങ്ങൾക്ക് പ്രചോദനമേകുകയാണ് ഈ ദിനാചരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

കെ.എസ്. എസ്. എസ്-ന്റെ കേന്ദ്രതലത്തിലുള്ള വനിതാദിനാഘോഷങ്ങൾ കോട്ടയം ബി. സി. എം കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് മാർച്ച് 7-ാം തിയതി ഉച്ചകഴിഞ്ഞ് 1.30 ന് ആരംഭിക്കും. കെ. എസ്. എസ്. എസ്. പ്രസിഡന്റ് വെരി. റവ. ഫാ. ജോക്കബ് കൊല്ലാപറമ്പിൽ പതാക ഉയർത്തും. തുടർന്ന് ശ്രീ. അൽഫോൻസ് കണ്ണന്താനം"സ്ത്രീ ശക്തി സാമൂഹിക തിന്മകൾക്കെതിരെ" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. തുടർന്ന നടക്കുന്ന പൊതു സമ്മേളനത്തിൽ മാർ കുര്യാക്കോസ് കുന്നശ്ശേരി, ശ്രീ. സി. എഫ്. തോമസ് (ബഹു. ഗ്രാമവികസന മന്ത്രി), ശ്രീ. തോമസ്

ചാഴികാടൻ എം. എൽ. എ, ശ്രീമതി അജിത സാബു (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്) എന്നിവർ പ്രസംഗിക്കും. പരിപാടികൾക്ക് വനിതാ സ്വാശ്രയ ഫെഡറേഷൻ പ്രസിഡന്റ് ശ്രീമതി സൈനബ ബെന്നി, നവോമി സ്വാശ്രയ ഫെഡറേഷൻ പ്രസിഡന്റ് ശ്രീമതി സൂസൻ ജോണി, കോർഡിനേറ്റർമാരായ ശ്രീമതി മേഴ്സി സ്റ്റീഫൻ, ശ്രീമതി ബെസ്സി ജോസ് എന്നിവർ നേതൃത്വം നൽകും.

## മഴവെള്ള സംഭരണി ഗുണഭോക്താക്കളുടെ വിലയിരുത്തൽ മീറ്റിംഗ്

പ്രകൃതിയിലെ ഏറ്റവും ശുദ്ധമായ മഴവെള്ളത്തെ സംഭരിച്ച് മാസങ്ങളോളം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കാവുന്ന ചെലവുകുറഞ്ഞ സംവിധാനമാണ് ഫെറോസിമന്റ് ടാങ്ക് മഴവെള്ള സംഭരണികൾ. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി 2003 ആഗസ്റ്റ് മുതൽ വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവന്ന രണ്ടാംഘട്ട മഴവെള്ള സംഭരണികളുടെ നിർമ്മാണം പൂർത്തിയായി. പുന്നത്തുറ, കാരിത്താസ്, ചിങ്ങവനം, പറമ്പഞ്ചേരി, വാരപ്പെട്ടി, ഉഴവൂർ, കടുത്തുരുത്തി, നീണ്ടൂർ, കരിങ്കുന്നം, പൂഴിക്കോൽ, ചാമക്കാല, കുമരകം, പൂതാളി, തെള്ളിത്തോട്, പടമുഖം, എൻ.ആർ. സിറ്റി, ബൈസൺവാലി, ചക്കുപള്ളം, തടിയമ്പാട് എന്നീ ഗ്രാമങ്ങളിലാണ് പ്രസ്തുത ടാങ്കുകൾ നിർമ്മിച്ചത്. പദ്ധതിയെപ്പറ്റി വിലയിരുത്തുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അറിയിക്കുന്നതിനുമായി ഗുണഭോക്താക്കളുടെ മീറ്റിംഗ് ചൈതന്യയിൽ വച്ച് മാർച്ച് 19-ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെടുന്നു. ഹൈറേഞ്ച് മേഖലയിലെ ഗ്രാമങ്ങിലുള്ള ഗുണഭോക്താക്കളുടെ മീറ്റിംഗിനുള്ള തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

## അക്ഷര ജ്യോതി തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്കോളർഷിപ്പ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്ന സ്വാശ്രയസംഘങ്ങളിലെ അംഗങ്ങളുടെ കുട്ടികളുടെ പഠനാവശ്യത്തിനായി റിവോൾവിംഗ് ഫണ്ട് നൽകി വരുന്നു. ഫാ. എബ്രഹാം മുത്തോലത്ത് ഡയറക്ടറായുള്ള അഗാപ്പെ മൂവ്മെന്റിന്റെ പങ്കാളിത്തത്തോടെ ഈ വർഷം പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കായുള്ള പരിശീലനം മാർച്ച് 19-ാം തിയതി ഉച്ചകഴിഞ്ഞ് 2.30ന് ചൈതന്യയിൽ വച്ച് നൽകുന്നതാണ്.

## കെ.എസ്.എസ്.എസ്. സ്റ്റാഫ് പരിശീലനം

സംഘടനാ പാടവവും ക്രിയാത്മകതയും വളർത്തി, വ്യക്തമായ ദർശനത്തോടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനായി പുതിയ സ്റ്റാഫ് അംഗങ്ങൾക്കായുള്ള പരിശീലനം മാർച്ച് 29-ാം തിയതി 10 മണി മുതൽ 30-ാം തിയതി 4 മണിവരെ ചൈതന്യയിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

## സ്വയംതൊഴിൽ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലെ ഗ്രൂപ്പംഗങ്ങളിൽ



ബദൽ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നിത്യോപയോഗസാധനങ്ങളുടെ നിർമ്മാണ പരിശീലനം മാർച്ച് 30-ാം തിയതി 10 മുതൽ 4 വരെ ചൈതന്യയിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ബദൽ ജീവിതശൈലിയുടെ ഭാഗമായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന നിത്യോപയോഗസാധനങ്ങളുടെ ഉല്പാദനസംബന്ധമായ സംശയനിവാരണം അന്നേദിവസം നടത്താവുന്നതാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. ഇപ്പോൾ ബദൽ ജീവിതശൈലി പ്രാവർത്തികമാക്കുന്നവർക്കാണ് മുൻഗണന. രജിസ്ട്രേഷൻ ഫീസ് 100 രൂപയായിരിക്കും.

## വിപണനകേന്ദ്രാംഗങ്ങൾക്ക് പരിശീലനം

കെ.എസ്.എസ്.എസ്.ന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്വാശ്രയ വിപണന കേന്ദ്രങ്ങളിലെ അംഗങ്ങൾക്കായി 2004 മാർച്ച് 20-ാം തിയതി ശനിയാഴ്ച രാവിലെ 10 മുതൽ 4 വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. എല്ലാ വിപണനകേന്ദ്രങ്ങളിലേയും 3 അംഗങ്ങളും നിർബന്ധമായും ഈ പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. അന്നേദിവസം സ്വാശ്രയ വിപണനകേന്ദ്രങ്ങൾക്ക് അവധിയായിരിക്കും.

## മെഡിക്കൽ ക്യാമ്പ്

മെഡിക്കൽ ക്യാമ്പ് തുടർച്ചയായി നടത്തി വൈകല്യമുള്ളവരുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താനാവും എന്നു മനസ്സിലാക്കി സി.ബി.ആർ. ഗ്രൂപ്പിലെ കുട്ടികൾക്കുവേണ്ടി മാർച്ച് 14ന് ചൈതന്യയിൽ വച്ച് 10 മുതൽ 3.30 വരെ ഒരു മെഡിക്കൽ ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും മുൻഗണന.

## മാതാപിതാക്കൾക്ക് പരിശീലനം

വൈകല്യമുള്ള കുട്ടികൾ ഒരു ശാപമല്ല, മറിച്ച് ഒരു ദാനമാണ് എന്ന് മനസ്സിലാക്കി തങ്ങളുടെ കുട്ടികളെ കുറവുകളോടുകൂടി അംഗീകരിക്കുവാൻ മാതാപിതാക്കൾക്ക് സാധിക്കുവാൻ മാനസിക സന്തുലിതാവസ്ഥ സ്വായത്തമാക്കേണ്ടത് ആവശ്യമായ ഘടകമാണ്. ഇതിന് പരിശീലന ക്ലാസ്സുകൾ ഏറെ സഹായിക്കും. കഴിവുകൾ വളർത്തുന്നതിനും അറിവ് വർദ്ധിപ്പിക്കുന്നതിനുമായി ഏപ്രിൽ 19-ാം തിയതി ശാരീരിക വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുവേണ്ടിയും, ഏപ്രിൽ 21-ാം തിയതി ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുവേണ്ടിയും 10 മുതൽ 3.30 വരെ ഏകദിന പരിശീലനം ചൈതന്യയിൽ വച്ച് ഉണ്ടായിരിക്കും.

## സ്മാർട്ട് നേതൃത്വ പരിശീലന ക്യാമ്പുകൾ

സ്മാർട്ട് ഗ്രൂപ്പ് അംഗങ്ങൾക്ക് നേതൃത്വ പരിശീലനം നൽകുന്നതിനായി മധ്യവേനൽ അവധിക്കാലത്ത് കൂടുതൽ സ്മാർട്ട് ക്യാമ്പുകൾ നടത്തുന്നു. ഇതിന്റെ ഭാഗമായുള്ള ആദ്യ ക്യാമ്പ് ഏപ്രിൽ 12-ാം തിയതി

രാവിലെ 10.30ന് ആരംഭിച്ച് 14-ാം തിയതി ഉച്ചകഴിഞ്ഞ് 12.30ന് സമാപിക്കുന്നതും, രണ്ടാമത്തെ ക്ലാസ്സ് ഏപ്രിൽ 29-ാം തിയതി രാവിലെ 10.30ന് ആരംഭിച്ച് മെയ് 1-ാം തിയതി ഉച്ചകഴിഞ്ഞ് 12.30ന് സമാപിക്കുന്നതുമായിരിക്കും. വളർച്ചയിലേക്കുള്ള പാതയിൽ ബഹുദൂരം മുന്നേറുവാൻ അവസരം കാത്തിരിക്കുന്നവർക്ക് ഈ സുവർണാവസരം പ്രയോജനപ്പെടുത്താവുന്നതാണ്. മുൻ ക്യാമ്പുകളിൽ പങ്കെടുക്കാത്തവർക്കാണ് മുൻഗണന.

### സോഷ്യൽ ഓഡിറ്റിംഗ് ശില്പശാല

സാമൂഹ്യ സംഘടനകൾ അതിന്റെ പ്രവർത്തനത്തോടും ലക്ഷ്യത്തോടും നീതി പുലർത്തുന്നുണ്ടോ എന്ന് വിശകലനം ചെയ്യുവാനും പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമായും കാര്യക്ഷമമായും നടത്തുവാനും സംഘടനകൾ സ്വയം അവലോകനം ചെയ്യുന്ന പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റിംഗ്. ഇതിനെക്കുറിച്ച് കുടുതൽ അറിയുവാനും പഠിക്കുവാനുമായി ഫെബ്രുവരി 11, 12 തിയതികളിൽ കെ.എസ്.എസ്.എസ്. ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് ശില്പശാല സംഘടിപ്പിച്ചു. ശ്രീ. ജോൺ പിയേഴ്സ് (ഇംഗ്ലണ്ട്), ശ്രീ. റോജർ കാച്പെൽ (സ്കോട്ടലണ്ട്) എന്നിവർ ക്ലാസ്സുകൾ നയിച്ചു. കേരളത്തിലെ വിവിധ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധസംഘടനകളിൽ നിന്നുമുള്ള പ്രതിനിധികൾ പരിശീലനത്തിൽ പങ്കെടുത്തു.

### ഗ്രാമോത്സവം

കെ.എസ്.എസ്.എസ്. സ്വാശ്രയസംഘങ്ങളുടെ സമഗ്രവളർച്ച ലക്ഷ്യമാക്കി 2004-ൽ നടപ്പിലാക്കുന്ന ഗ്രാമോത്സവ പരിപാടികൾ വളരെയേറെ ജനശ്രദ്ധ ആകർഷിച്ചു വരുന്നു. ഫെബ്രുവരി മാസത്തിലും മാർച്ച് ആരംഭത്തിലുമായി വെളിയന്നൂർ, വാരപ്പെട്ടി, പറമ്പഞ്ചേരി ഗ്രാമങ്ങളിൽ ഗ്രാമോത്സവ് നടത്തുകയുണ്ടായി. സ്ത്രീശാക്തീകരണം, സ്വാശ്രയസംഘ പ്രവർത്തനശൈലികൾ, ബദൽ ജീവിതപഠനങ്ങൾ, വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യം എന്നിവ ഗ്രാമോത്സവത്തെ സജീവമാക്കി.

### കാൻസർ ബോധവത്കരണ സെമിനാർ

കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ ഫെബ്രുവരി 14-ാം തിയതി വാകത്താനം സെന്റ് മാത്യുസ് പള്ളിയിലും, 28-ാം തിയതി മാന്നാനം നിർമ്മലാ ബാലവാടിയിലും വച്ച് കാൻസർ ബോധവത്കരണ സെമിനാർ നടത്തപ്പെട്ടു. കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ജോജോ ജോസഫും കെ.എസ്.എസ്.എസ്. പ്രവർത്തകരും പരിശീലനത്തിന് നേതൃത്വം നൽകി. കാൻസർ രോഗത്തെക്കുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന പല മിഥ്യാധാരണകളകറ്റുവാനും കാൻസർ രോഗത്തെക്കുറിച്ച് കൂടുതൽ അറിയുവാനും സെമിനാർ സഹായകരമായി.

### ഗ്രാമതല സ്വാശ്രയ മാർക്കറ്റുകൾ

ആഗോളവത്കരണത്തിന്റെ തിക്തഫലങ്ങളെ അതിജീവിച്ച് ഗ്രാമതല ഉല്പന്നങ്ങൾ ഗ്രാമത്തിൽതന്നെ കച്ചവടം ചെയ്യപ്പെടുന്നതിന്റെ ഭാഗമായിട്ടാണല്ലോ ഗ്രാമതല സ്വാശ്രയ മാർക്കറ്റുകൾ നാം ആരംഭിച്ചത്. ഇതിന്റെ ഭാഗമായി ചേർപ്പുങ്കൽ, മള്ളൂശ്ശേരി, പുത്തൻ കല്ലറ, നീറിക്കാട്, മോനിപ്പള്ളി, അമനകര, വെളിയന്നൂർ, അരീക്കര, പയസ്മൗണ്ട് എന്നീ പ്രദേശങ്ങളിൽ തിരുനാളുകളോടനുബന്ധിച്ച് ഗ്രാമതല സ്വാശ്രയ മാർക്കറ്റുകൾ നടത്തുകയുണ്ടായി.



### സമൂഹാധിഷ്ഠിത പുനരധിവാസപദ്ധതി ശില്പശാല

സമഗ്രവികസനം ലക്ഷ്യമാക്കി മുന്നേറുന്ന കെ.എസ്.എസ്.എസ്. സാധാരണക്കാരനൊപ്പം നിന്ന് സാമൂഹികവികസനത്തിനായി പ്രവർത്തിക്കുന്നതിന്റെ ഭാഗമായി വികലാംഗർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുമായി കേരളത്തിൽ ആദ്യമായി സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി ആരംഭിച്ച് നടപ്പിലാക്കിവരുന്നു. കഴിഞ്ഞ 7 വർഷങ്ങൾ കൊണ്ട് നിരവധി വികലാംഗരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാൻ സാധിച്ചത് ഈ പദ്ധതിയുടെ വിജയവും കെ.എസ്.എസ്.എസ്സിന്റെ വളർച്ചയുടെ അടയാളവുമാണ്. കെ.എസ്.എസ്.എസ്. നടപ്പിലാക്കുന്ന ഈ പദ്ധതി കേരളത്തിലെ മാതൃകാപദ്ധതിയായി അംഗീകരിക്കപ്പെട്ടിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. ഈ പദ്ധതിയെക്കുറിച്ച് ലഭിച്ച അറിവുകൾ പങ്കുവയ്ക്കുവാനും കേരളത്തിൽ സമൂഹാധിഷ്ഠിത പുനരധിവാസപദ്ധതി നടപ്പിലാക്കുവാൻ താല്പര്യമുള്ള സന്നദ്ധ സംഘടനകൾക്കു മാർഗ്ഗനിർദ്ദേശം നൽകുവാനായി കെ.എസ്.എസ്.എസ്.ന്റെ നേതൃത്വത്തിൽ രണ്ടുദിവസം നീണ്ടുനിൽക്കുന്ന സംസ്ഥാനതല ശില്പശാല ഫെബ്രുവരി 9, 10 തീയതികളിൽ ചൈതന്യയിൽ വച്ച് നടത്തി. കെ.എസ്.എസ്.എസ്. സ്റ്റാഫംഗങ്ങളും കേരളത്തിനകത്തും പുറത്തും നിന്നുമുള്ള വിദഗ്ധരായ വ്യക്തികളും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിവിധ സംഘടനകളിൽ നിന്നും എം.എസ്.ഡബ്ല്യു. കോളേജുകളിൽ നിന്നുമായി 76 പ്രതിനിധികൾ പങ്കെടുത്തു. ഫീൽഡ് വർക്കേഴ്സുമായുള്ള ചർച്ചകളും വികലാംഗവ്യക്തികളുടെ കലാപരിപാടികളും പങ്കാളികൾക്ക് പുത്തനുണർവേകുന്നതായിരുന്നു.

### സ്വാശ്രയ കുടുംബസംഗമം

സ്വാശ്രയജീവിതശൈലി കുടുംബങ്ങളിൽ പ്രാവർത്തികമാക്കുന്നതിൽ സ്ത്രീകളോടൊപ്പം പുരുഷൻമാരുടെ പങ്ക് നിർണ്ണായകമാണ്. സ്വാശ്രയ സമൂഹനിർമ്മിതിയിൽ പുരുഷ പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം നൽകുവാൻ നടത്തിക്കൊണ്ടിരിക്കുന്ന സ്വാശ്രയ കുടുംബസംഗമങ്ങൾക്ക് നൽകിവരുന്ന പ്രോത്സാഹനം ഏറെ സ്വാഗതാർഹമാണ്. ഫെബ്രുവരി മാസത്തിൽ കാരിത്താസ്, മേമ്മുറി ഗ്രാമങ്ങളിൽ കുടുംബസംഗമം നടത്തുകയുണ്ടായി.

### ഫെഡറേഷൻ ഭാരവാഹികളുടെ മീറ്റിംഗ്

കെ.എസ്.എസ്.എസ്. പ്രചോദനം നൽകി രൂപം കൊടുത്തിരിക്കുന്ന വനിത, നവോമി, സി.ബി.ആർ., സീനിയർ സിറ്റിസൺ ഫെഡറേഷൻ ഭാര

വാഹികളുടെ മീറ്റിംഗ് ഫെബ്രുവരി 16-ാം തിയതി ചൈതന്യയിൽ വച്ച് നടത്തുകയുണ്ടായി. മാർച്ച് 7ന് നടത്താൻ തീരുമാനിച്ചിരിക്കുന്ന വനിതാ ദിനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും അതിനുവേണ്ട കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു.

### തിമിര നിർണ്ണയ ശസ്ത്രക്രിയാ ക്യാമ്പ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടയം മെഡിക്കൽ കോളേജുമായി സഹകരിച്ച് കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് പാരിഷ്ഹാളിൽ വച്ച് ഫെബ്രുവരി 14ന് നടത്തിയ തിമിര നിർണയ ക്യാമ്പ് കരിങ്കുന്നം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോസ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്തു. ചുങ്കം മേഖലയിലെ 50 വയസ്സ് കഴിഞ്ഞ 250 പേർ പരിശോധനയ്ക്ക് വിധേയരായി. തിമിരരോഗം നിർണയിക്കപ്പെട്ട വ്യക്തികൾക്ക് മെഡിക്കൽ കോളേജിൽ വച്ച് നടത്തപ്പെടുന്ന ശസ്ത്രക്രിയക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയുണ്ടായി. ക്യാമ്പിൽ വച്ച് കണ്ണട കുറിച്ച് നൽകപ്പെട്ട 45 പേർക്ക് അത് ലഭ്യമാക്കുന്നതിനുവേണ്ടി ക്രമീകരണം ചെയ്തു.

### സ്ഥിര ഗുണഭോക്താക്കൾക്ക് പരിശീലനം

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിലെ സ്ഥിരം ഗുണഭോക്താക്കൾക്കുള്ള പരിശീലനം ഫെബ്രുവരി 19, 20 തീയതികളിൽ ചൈതന്യയിൽ വച്ച് നടത്തപ്പെട്ടു. സ്വാശ്രയസംഘങ്ങളിലൂടെ വരുമാനപദ്ധതികൾ നടപ്പാക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. വർഗീസ് കാട്ടുപറമ്പിൽ, ശ്രീ. അൻജിത്ത് അബ്രഹാം, ശ്രീ. ലിൻസ് മാത്യു, സി. എൽസിയ, ശ്രീ. സിറിയക് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തുടർന്നു നടന്ന ചർച്ചയിൽ ഗുണഭോക്താക്കൾ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

## സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതി

### ലോക്കൽ യൂണിറ്റ് അംഗങ്ങൾക്ക് പരിശീലനം

കെ.എസ്.എസ്.എസ്. പ്രവർത്തനങ്ങളും പ്രവർത്തന സാധ്യതകളും കൂടുതൽ അറിയുവാനും നടപ്പിലാക്കി വരുന്ന മണ്ണ്-ജല സംരക്ഷണ പദ്ധതിയുടെ വ്യക്തമായ പ്രവർത്തന രൂപരേഖ വിശദീകരിക്കുവാനുമായി കിടങ്ങൂർ, ചുങ്കം, മേഖലയിലുള്ള ലോക്കൽ കെ.എസ്.എസ്.എസ്. യൂണിറ്റ് അംഗങ്ങൾക്കായി ദ്വിദിന പരിശീലന ക്യാമ്പ് ചൈതന്യയിൽ വച്ച് മാർച്ച് മാസം 19, 20 തിയതികളിൽ നടത്തപ്പെടുന്നതാണ്. അതാത് യൂണിറ്റിലെ പരിശീലനം നേടിയ ലീഡ്ഫാർമേഴ്സും ബഹു. വൈദികരുമൊഴികെയുള്ള എല്ലാ അംഗങ്ങളും ഈ പരിശീലനത്തിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.



### സ്വാശ്രയസംഘ നേതൃത്വ പരിശീലനം

കെ.എസ്.എസ്.എസ്.ന്റെ വികസന പ്രവർത്തനങ്ങളിൽ കാലാനുസൃതമായി വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ സംഘം നേതാക്കളെ ശക്തിപ്പെടുത്തുന്നതിനും സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതിയിൽ സംഘം നേതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി കിടങ്ങൂർ, ചുങ്കം മേഖലയിലുള്ള എല്ലാ വനിതാ ഗ്രൂപ്പ് അംഗങ്ങൾക്കും തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കും ഗ്രൂപ്പ് ലീഡേഴ്സിനുമായി രണ്ടു ദിവസം നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലന ക്യാമ്പ് രണ്ടു ബാച്ചുകളിലായി ചൈതന്യയിൽ വച്ച് നടത്തപ്പെടുന്നു. മാർച്ച് 21, 22 തിയതികളിൽ ആദ്യബാച്ച് പരിശീലനവും, മാർച്ച് മാസം 27, 28 തിയതികളിൽ രണ്ടാം ബാച്ച് പരിശീലനവും നടത്തപ്പെടുന്നതാണ്. ഓരോ പരിശീലനത്തിലും ഓരോ മേഖലയിൽ നിന്നും 50 ഭാരവാഹികളെ വീതം തെരഞ്ഞെടുക്കുന്നതാണ്. രണ്ടു ദിവസം പൂർണ്ണമായി പങ്കെടുക്കുന്നവർക്കുമാത്രമേ പരിശീലനത്തിൽ പ്രവേശനം നൽകുകയുള്ളൂ.

### മാതൃകാ കർഷകർക്ക് തുടർപരിശീലനം

സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി കെ.എസ്.എസ്.എസ്. നടത്തിയ രണ്ട് മാതൃക കർഷക പരിശീലനങ്ങളിൽ പങ്കെടുത്തവർക്കായി മൂന്നു ദിവസത്തെ തുടർ പരിശീലനം ഏപ്രിൽ മാസം 20, 21, 22 തീയതികളിൽ ചൈതന്യയിൽ വച്ച് നടത്തുന്നതാണ്. കഴിഞ്ഞ പരിശീലനത്തിൽ പങ്കെടുത്ത എല്ലാവരും തുടർപരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. ഏപ്രിൽ 20-ാം തിയതി ചൊവ്വാഴ്ച രാവിലെ 10.30ന് ആരംഭിക്കുന്ന പരിശീലനത്തിന്റെ രണ്ടാം ദിവസം പഠനയാത്ര ഉണ്ടായിരിക്കുന്നതാണ്. 23-ാം തിയതി വ്യാഴാഴ്ച ഉച്ചയ്ക്ക് പരിശീലനം സമാപിക്കും.

### ഹരിതവേദി രൂപീകരണം

സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ 8 മാസങ്ങളായി ഗ്രാമതല അവബോധ ക്ലാസ്സുകൾ നടത്തുകയുണ്ടായി. പ്രസ്തുത ക്ലാസ്സുകളിൽ പുരുഷൻമാരുടെ പങ്ക് ശ്രദ്ധേയമായിരുന്നു. പുരുഷ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കണമെന്ന് ഗ്രാമങ്ങളിൽനിന്ന് ആവശ്യപ്പെടുകയുണ്ടായി. പരിശീലനം നേടിയ ലീഡ് ഫാർമേഴ്സിന്റെ നേതൃത്വത്തിൽ ഓരോ ഗ്രാമത്തിലും "ഹരിതവേദി" എന്ന പേരിൽ സംഘങ്ങൾ പ്രാഥമിക യോഗം ചേരുകയുണ്ടായി. ഹരിതവേദി രൂപീകരിക്കുവാൻ ആഗ്രഹിക്കുന്ന ഗ്രാമങ്ങളിൽ മാർച്ച് 31-നകം പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുകയും അംഗങ്ങളെ ചേർക്കുകയും ചെയ്യേണ്ടതാണ്. മാർച്ച് 31ന് ശേഷം ഹരിതവേദിയിൽ അടുത്ത സാമ്പത്തിക വർഷക്കാലത്ത് പുതിയ അംഗത്വം നൽകുന്നതല്ല.

### മണ്ണിരവള നിർമ്മാണ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി 96 ഗ്രാമങ്ങളിൽ നട

പ്പിലാക്കിവരുന്ന മണ്ണ്-ജല സംരക്ഷണ പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മൂന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി തെള്ളിത്തോട്, പൂതാളി, എൻ.ആർ.സിറ്റി, സേനാപതി ഗ്രാമത്തിൽ മണ്ണിരവള നിർമ്മാണത്തെക്കുറിച്ച് പരിശീലനവും 'സംഘങ്ങൾ സംഘടനാതലത്തിൽ' എന്ന വിഷയത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ്സും നടത്തുകയുണ്ടായി.

### മണ്ണിര വിതരണം നടത്തി

ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും മണ്ണിന്റെ ഫലദായകശേഷി സംരക്ഷിക്കുന്നതിനും ഗ്രാമങ്ങൾ മാലിന്യവിമുക്തമാക്കുന്നതിനുമായി കെ.എസ്.എസ്.എസ്. നടപ്പിലാക്കുന്ന മണ്ണിര കമ്പോസ്റ്റ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഫെബ്രുവരി മാസത്തിൽ ചൈതന്യയിൽ നിന്ന് മണ്ണിര വിതരണം ചെയ്തു.

### മേഖലാ കർഷക നേതൃത്വ പരിശീലനം

സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഗ്രാമതലത്തിൽ നേതൃത്വം നൽകുന്ന ലീഡ് ഫാർമേഴ്സിന് മേഖലാതല പരിശീലനം ഫെബ്രുവരി 9-ാം തിയതി കിടങ്ങൂരും ഫെബ്രുവരി 11-ാം തിയതി ചുങ്കത്തും വച്ച് നൽകുകയുണ്ടായി. ഹരിതവേദിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതിന്റെ പ്രാരംഭ രൂപീകരണത്തിൽ നേതൃത്വ കർഷകരുടെയും അനിമേറ്റർമാരുടെയും പങ്ക് എന്തെന്നും രൂപീകരണത്തിന്റെ വിവിധഘട്ടങ്ങളെക്കുറിച്ചും പ്രസ്തുത പരിശീലനത്തിൽ ചർച്ച ചെയ്യുകയുണ്ടായി. യോഗത്തിൽ എല്ലാ ഗ്രാമങ്ങളിലും ഹരിതവേദി രൂപീകരിക്കുക, ഏപ്രിൽ 15ന് മുമ്പായി അതാതു ഗ്രാമങ്ങളിലെ പ്രവർത്തന കരടുരേഖ തയ്യാറാക്കുക, പരമാവധി നേതൃത്വകർഷകർ ജൈവകൃഷിക്ക് തുടക്കം കുറിക്കുക, നേതൃത്വകർഷകർ സ്മാർട്ട് കുട്ടികൾക്ക് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ക്ലാസ്സുകളെടുക്കുക എന്നീ തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

### ഹൈറേഞ്ച് മേഖലാ ഫെഡറേഷൻ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രചോദനത്താൽ രൂപീകൃതമായി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്ന ഹൈറേഞ്ച് മേഖലയിലെ വനിതാഗ്രൂപ്പുകളുടെ മേഖലാതല ഫെഡറേഷൻ രൂപീകൃതമായി. 20-ാം തിയതി രാവിലെ 10.30ന് ആരംഭിച്ച മേഖലാ ഭാരവാഹികളുടെ സെമിനാറിൽ 53 ഗ്രാമതല ഭാരവാഹികൾ പങ്കെടുത്തു. സെമിനാറിന് ശ്രീ. ജോസി എൻ. ജോസ് നേതൃത്വം നൽകി. മലങ്കര മേഖലാ കോർഡിനേറ്റർ ശ്രീമതി ബെസ്സി ജോസ്, ശ്രീ. അനു എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഉച്ചകഴിഞ്ഞു നടന്ന ഭാരവാഹികളുടെ യോഗത്തിൽ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു.



# സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി ഇന്നിന്റെ ആവശ്യം

## - മാർ കുര്യാക്കോസ് കുന്നശ്ശേരി

വികലാംഗരുടെ സമഗ്ര വളർച്ചയും പുനരധിവാസവും ലക്ഷ്യമാക്കി 1997 മുതൽ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി (സി.ബി.ആർ) വളരെയധികം പ്രശംസനീയമാണെന്ന് കോട്ടയം രൂപതാ മെത്രാൻ മാർ കുര്യാക്കോസ് കുന്നശ്ശേരി.

കെഎസ്. എസ്. എസ് കേരളത്തിന് തന്നെ ഒരു മാതൃകാ പദ്ധതിയായി നടപ്പിലാക്കുന്ന സി.ബി.ആർ., വികലാംഗരുടെ പുനരധിവാസത്തിന് വളരെ അനുയോജ്യമായ ഒരു മാർഗ്ഗമാണ്. സ്ഥാപനാധിഷ്ഠിതമായ പ്രവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമായി എല്ലാവരുടേയും പങ്കാളിത്തത്തിലൂടെ സമൂഹാധിഷ്ഠിതമായി സ്വാശ്രയത്വം വളർത്തുന്നതിനും സമഗ്രവികസനം സംലഭ്യമാക്കുന്നതിനും നിലനിൽക്കുന്ന വികസനം സ്വായത്തമാക്കുന്നതിനും സി. ബി. ആർ. സഹായിക്കുന്നുമെന്നതിൽ സംശയമില്ല. ബോധവത്കരണ ക്ലാസ്സിലൂടെയും തുടർച്ചാ സ്വഭാവമുള്ള പ്രവർത്തനങ്ങളിലൂടെയും വികലാംഗരെ ഭവനത്തിന്റേയും സമൂഹത്തിന്റേയും ഭാഗമാക്കിതീർക്കുവാൻ സി. ബി. ആർ സഹായിക്കും. കൂടാതെ വികലാംഗർക്ക് മെച്ചപ്പെട്ട അംഗീകാരം ലഭിക്കുന്നതിനും സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനും സി. ബി. ആർ സഹായിക്കുന്നുണ്ട്.

സമൂഹവും കുടുംബവുമായി യാതോരു ബന്ധവുമില്ലാതെ മനുഷ്യത്വം ബഹുമാനിക്കാതെ വികലാംഗരോട് മൃഗത്തിനു തുല്ല്യം പെരുമാറുകയും വൈകല്യമുള്ളവരെ ഒരു ശാപമായി കരുതുകയും ചെയ്യുന്ന കാലഘട്ടത്തിൽ, വികലാംഗരെ കുടുംബാംഗങ്ങളും സമൂഹവും അംഗീകരിക്കുകയും കുറവുകളെ അതിജീവിക്കുവാൻ സഹായിക്കുകയും വേണം. ഇത് സാധിച്ചെടുക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗവും സി. ബി. ആർ തന്നെയാണ്. പലപ്പോഴും പെട്ടെന്നുള്ള പ്രശ്നപരിഹാരത്തിനായി വൈകല്ല്യമുള്ളവരെ ബന്ധപ്പെട്ടവർ സ്ഥാപനങ്ങളിലാക്കുന്നു. മാതാപിതാക്കൾ അവരുടെ ഉത്തരവാദിത്ത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്ന ഈ പ്രവർത്തന ശൈലി പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തുവാൻ സാധിക്കുകയില്ല. വികലാംഗരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തണമെങ്കിൽ അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ തന്നെ നിലനിർത്തി പരിശീലനങ്ങൾ കൊടുത്ത് ആ ഗ്രാമത്തിനിണങ്ങിയ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുകയാണ് ഉചിതമെന്ന് കെ.എസ്. എസ്. എസ് - സി. ബി. ആർ പ്രവർത്തനങ്ങളിലൂടെ തെളിയിച്ചിരിക്കുകയാണ്.

വികലാംഗർ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ കഴിവു

കൾ ഉള്ളവരാണ്. നിരവധി വികലാംഗർ നിതാന്ത പരിശ്രമത്തിലൂടെ ജീവിത വിജയം വരിച്ചിട്ടുണ്ട്. ഇവരുടെ കഴിവുകൾ പലപ്പോഴും അഭിനന്ദനീയവും അത്ഭുതാവഹവുമാണ്. വികലാംഗരിലെ കഴിവുകൾ വളർത്തണമെങ്കിൽ സമൂഹവും കുടുംബാംഗങ്ങളും ഇവരുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. സ്വയം ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വളർന്ന് വലുതാകുവാനും വികലാംഗർക്ക് പ്രചോദനം നൽകുകയാണ് വികലാംഗക്ഷേമ പ്രവർത്തകരുടെ കർത്തവ്യം. അതുകൊണ്ടുതന്നെ വികലാംഗർക്കായുള്ള സമൂഹാധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനും, പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുവാനും കൂടുതൽ വ്യക്തികളും, സ്ഥാപനങ്ങളും മുന്നോട്ട് വരണം.

*(കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനായി കേരളത്തിലെ സന്നദ്ധസംഘടനകൾക്കും സാമൂഹിക പ്രവർത്തകർക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായി നടത്തിയ ദ്വിദിന ശില്പശാലയിൽ മാർ കുര്യാക്കോസ് കുന്നശ്ശേരി നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്ന്).*

## സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി

**ബോധവത്കരണ ക്ലാസ്സ്**

കൈപ്പുഴ: വികലാംഗത്വം തടയുക എന്ന ഉദ്ദേശ്യത്തോടുകൂടി അംഗൻവാടിയെ കേന്ദ്രീകരിച്ച് സി.ബി.ആർ. അസിസ്റ്റന്റ് കോർഡിനേറ്റർ ശ്രീമതി മേരി ഫിലിപ്പ് ബോധവത്കരണ ക്ലാസ്സ് നടത്തി. 35 പേർ ക്ലാസ്സിൽ സംബന്ധിച്ചു.

മാന്നാനം: സി.ബി.ആർ. ഗ്രൂപ്പിലെ 10 പേർക്ക് 990 രൂപ വച്ച് വികലാംഗ പെൻഷൻ അതിരമ്പുഴ പഞ്ചായത്തിൽ നിന്നും ലഭിച്ചു. ★ സി.ബി.ആർ. ഗ്രൂപ്പിൽ ഏറ്റുമാനൂർ ബ്ലോക്ക് പ്രസിഡന്റ് ശ്രീമതി ലൂയിസ് പങ്കെടുക്കുകയും ആനുകൂല്യങ്ങളെക്കുറിച്ച് സന്ദേശം നൽകുകയും ചെയ്തു. ★ കാരിത്താസ്, എസ്.എച്ച്. മൗണ്ട്, മേമ്മുറി എന്നീ സ്ഥലങ്ങളിൽ സി.ബി.ആർ. ഗ്രൂപ്പ് രൂപീകരിച്ചു. ★ ചാമക്കാല: സി.ബി.ആർ. ഗ്രൂപ്പംഗമായ ശാന്തമ്മ പി.വി.ക്ക് ശ്രീ. ജോയി ചെമ്മാച്ചേൽ 35000 രൂപ മുടക്കി വീടു നിർമ്മിച്ചു നൽകി. അംഗങ്ങൾ വീട്ടിൽ പോയി ആശംസകൾ അർപ്പിച്ചു.

കുറുമുള്ളൂർ: സി.ബി.ആർ. ഗ്രൂപ്പംഗങ്ങളായ മിനി എം. ജോർജ്, അനില എബ്രഹാം എന്നിവർക്ക് വികലാംഗ പെൻഷൻ ലഭിച്ചു. ★കുറുമുള്ളൂർ: സി.ബി.ആർ. ഗ്രൂപ്പംഗങ്ങളെ ഫീൽഡ്‌വർക്കറുടെ നേതൃത്വത്തിൽ ഉജാല ഉണ്ടാക്കുവാൻ പഠിപ്പിച്ചു.★ ഏറ്റുമാനൂർ: സി.ബി.ആർ. ഗ്രൂപ്പംഗങ്ങളെ ഫീൽഡ്‌വർക്കർ സജി ജേക്കബ് ഫിനോയിൽ നിർമ്മിക്കാൻ പഠിപ്പിച്ചു.

**വരുമാനപദ്ധതികൾ**

**ചേർപ്പുങ്കൽ:** സി.ബി.ആർ. ഗ്രൂപ്പിലെ രമ്യരാജു തട്ടുകട ആരംഭിച്ചു.



**ഉഴവൂർ:** സി.ബി.ആർ. ഗ്രൂപ്പംഗമായ എൽസമ്മ ചാക്കോ, ഓമന ശിവന് വരുമാനപദ്ധതിയുടെ ഭാഗമായി നടത്തിയ ആടുവളർത്തലിൽ നിന്നും ഒരു ആട്ടിൻകുട്ടിയെ കൈമാറി.

## മേഖലാ വാർത്തകൾ

### കൈപ്പുഴ മേഖല

**സ്മാർട്ട് സംഗമം:** കൈപ്പുഴ മേഖലയിലെ സ്മാർട്ട് ഗ്രൂപ്പ് കുട്ടികളുടെ മേഖലാസംഗമം നടത്തി. ഫാ. ജേക്കബ് കുറുപ്പിനകത്ത്, കുമാരി സ്മിത എന്നിവർ ലക്ഷ്യബോധം, പരിസ്ഥിതി സംരക്ഷണം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. ശ്രീ. യു.പി. ജോസ് ക്വിസ് മത്സരത്തിന് നേതൃത്വം വഹിച്ചു. മത്സരത്തിൽ പാലത്തുരുത്ത്, പഴയകല്ലറ, കൈപ്പുഴ എന്നീ ഗ്രാമങ്ങൾ സമ്മാനങ്ങൾ കരസ്ഥമാക്കി. 148 കുട്ടികൾ പങ്കെടുത്തു.

**സീനിയർ സിറ്റിസൺസ് തീർത്ഥാടനയാത്ര:** മേഖലയിലെ സീനിയർ ഗ്രൂപ്പ് അംഗങ്ങൾ വെച്ചൂർ, അർത്തുങ്കൽ, ആലപ്പുഴ, ഐ.എം.എസ്. ധ്യാനകേന്ദ്രം എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ഫാ. തോമസ് തറയിൽ പരിപാടികൾക്കു നേതൃത്വം വഹിച്ചു. 53 പേർ യാത്രയിൽ പങ്കെടുത്തു.

**സ്വാശ്രയ സ്റ്റാൾ:** പുതിയ കല്ലറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ തിരുനാളിനോടനുബന്ധിച്ച് സ്വാശ്രയസ്റ്റാൾ നടത്തി.

**ലീഡേഴ്സ് മീറ്റിംഗ്:** കൈപ്പുഴ മേഖലയിലെ സ്വാശ്രയസംഘങ്ങളുടെ മേഖലാതല ഭാരവാഹികളുടെ മീറ്റിംഗ് കോർഡിനേറ്ററുടെ നേതൃത്വത്തിൽ കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വനിതാദിനാഘോഷവും ഭാവി പ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ തീരുമാനിച്ചു.

**നവോമി സംഗമം:** കൈപ്പുഴ മേഖലയിലെ നവോമി സംഗമം ഫാ. മാത്യു പോളയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ഫാ. തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. നവോമി പ്രസിഡന്റ് എൽസമ്മ ജോർജ് ആശംസയർപ്പിച്ചു. ശ്രീ. സാബു തടിപ്പുഴ മാനസികാരോഗ്യത്തെക്കുറിച്ചും ശ്രീമതി ജാൻസി ജോയി വിധവകളുടെ പ്രശ്നങ്ങളെക്കുറിച്ചും, ശ്രീ. അൻജിത്ത് എബ്രഹാം പ്രതിസന്ധികളെ എങ്ങനെ തരണം ചെയ്യാം എന്ന വിഷയത്തെക്കുറിച്ചും ക്ലാസ്സുകൾ എടുത്തു. 77 അംഗങ്ങൾ പങ്കെടുത്തു. കുമാരി സ്മിത പരിപാടികൾക്ക് നേതൃത്വം നൽകി.

### ചുങ്കം മേഖല

**ഗ്രാമതല സെമിനാർ:** ചുങ്കം, കരിങ്കുന്നം എന്നീ ഗ്രാമങ്ങളിലെ സ്വാശ്രയ സംഘങ്ങൾക്കായി നടത്തിയ സെമിനാറിൽ ഫാ.എബി വടക്കേക്കര, ഫാ. ജെയിംസ് മൂലക്കാട്ട് എന്നിവർ കുടുംബജീവിതത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

**ഹരിതവേദി രൂപീകരിച്ചു:** ചുങ്കം മേഖലയുടെ യൂണിറ്റുകളായ ചുങ്കം, കരിങ്കുന്നം, മുട്ടം, വാരപ്പെട്ടി, പറമ്പഞ്ചേരി, മ്രാല, വടക്കുംമുറി, മാറിക എന്നിവിടങ്ങളിൽ പുരുഷ സ്വാശ്രയസംഘങ്ങൾ ഹരിതവേദി എന്നപേരിൽ ആരംഭിച്ചു.

**പുതിയ ഗ്രൂപ്പുകൾ:** ചുങ്കത്ത് 'കരുണ', 'നന്ദനം', പറമ്പഞ്ചേരിയിൽ 'കൃപ', വടക്കുമ്മുറിയിൽ 'സെന്റ് മേരീസ്', വാരപ്പെട്ടിയിൽ 'ധനലക്ഷ്മി', മാറികയിൽ 'ദീപം' എന്നീ പേരുകളിൽ പുതിയ ഗ്രൂപ്പുകളാരംഭിച്ചു.

**സഹകരണം:** മ്രാല യൂണിറ്റിൽ ഒരംഗത്തിന്റെ ഭവന നിർമ്മാണത്തിന് ഗ്രൂപ്പംഗങ്ങൾ കട്ട, മിറ്റൽ, വെള്ളം എന്നിവ ചുമന്ന് കൊടുത്തു സഹായിച്ചു.

**പഠനയാത്ര:** വാരപ്പെട്ടി യൂണിറ്റിലെ സ്മാർട്ട് കുട്ടികൾ ഭൂതത്താൻകെട്ട്, കോതമംഗലം പാർക്ക് പോലീസ് സ്റ്റേഷൻ എന്നിവ സന്ദർശിച്ചു.

## ഇടയ്ക്കാട്ട് മേഖല

**സ്വാശ്രയ കുടുംബസംഗമം:** കാരിത്താസ്: സി. ഏലിയാമ്മയുടെ അദ്ധ്യക്ഷതയിൽ സി.ബി.ആർ. ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. നിക്കോളാസ് കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് കോട്ടൂർ, സി. ജിജി എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് ക്ലാസ്സെടുത്തു.

**സ്വാശ്രയസ്റ്റാൾ:** ഒളശ്ശ, മള്ളൂശ്ശേരി എന്നിവിടങ്ങളിലെ സ്വാശ്രയ സംഘാംഗങ്ങൾ തിരുനാളുകളോടനുബന്ധിച്ച് സ്വാശ്രയ സ്റ്റാളുകൾ നടത്തി.

**ബ്ലോക്കിൽ നിന്നും സഹായം:** കിഴക്കേനട്ടാശ്ശേരി: കെ.എസ്.എസ്.എസ്. ഗ്രൂപ്പിലെ 75 അംഗങ്ങൾക്ക് പള്ളം ബ്ലോക്കിൽ നിന്നു കോഴി, കോഴിക്കൂട് എന്നിവ ലഭിച്ചു.

**വരുമാന പദ്ധതികൾ:** മള്ളൂശ്ശേരിയിലെ ഐശ്വര്യ, വാൽസല്യ എന്നീ ഗ്രൂപ്പിലെ അംഗങ്ങൾ സോപ്പ്, സോപ്പുപൊടി എന്നിവ ഉണ്ടാക്കി വിൽക്കുന്നു. **സംക്രാന്തി:** കവിത ഗ്രൂപ്പിലെ അംഗങ്ങൾ ഫോട്ടോ ഫ്രെയിം ചെയ്യുന്നു. **കിഴക്കേനട്ടാശ്ശേരി:** ഉഷസ്സ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും ചേർന്നു പലഹാര കച്ചവടം നടത്തുന്നു. **ചാരമംഗലം:** മരിയ ഗ്രൂപ്പിലെ കുഞ്ഞുമോൾ ജോസഫ് റെഡിമെയ്ഡ് വസ്ത്രങ്ങൾ വില്പന നടത്തുന്നു. **കുമരകം:** സ്നേഹ ഗ്രൂപ്പിലെ വൽസമ്മ ബാബു ഹോട്ടൽ നടത്തുന്നു. പ്രതീക്ഷ ഗ്രൂപ്പിലെ ഷീല ഗോപി നൈറ്റി എടുത്തു വിൽപന നടത്തുന്നു. ഐശ്വര്യ ഗ്രൂപ്പിലെ ഉഷ കറി പൗഡർ ഉണ്ടാക്കി വിൽക്കുന്നു.

**പുതിയ ഗ്രൂപ്പ്:** ചാരമംഗലം: കോർഡിനേറ്റർ മേഴ്സി സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ സ്മാർട്ട് ഗ്രൂപ്പ് രൂപീകരിച്ചു ഭാരവാഹികളെ തെരഞ്ഞെടുത്തു.

## കിടങ്ങൂർ മേഖല

**ഗ്രാമതല സെമിനാർ:** കൂടല്ലൂർ ഗ്രാമത്തിലെ സ്വാശ്രയ സംഘാംഗങ്ങൾക്കായി ഗ്രാമതല സെമിനാർ നടത്തി. ഫാ. ഷാജി മുകളേൽ ക്ലാസ്സെടുത്തു.



**നീർക്കുഴി നിർമ്മാണ വിലയിരുത്തൽ:** സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച നീർക്കുഴികളെക്കുറിച്ചുള്ള അവലോകനവും സബ്സിഡി വിതരണവും മറ്റക്കര, നീറിക്കാട് എന്നീ ഗ്രാമങ്ങളിൽ നടത്തി. ശ്രീ. സിറിയക് ജോസഫ്, ശ്രീ. ബിനോയി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**സ്വാശ്രയ സ്റ്റാൾ:** സ്വാശ്രയ സംഘാംഗങ്ങൾ നീറിക്കാട് തിരുനാളുകളോടനുബന്ധിച്ച് സ്വാശ്രയ സ്റ്റാളുകൾ നടത്തി.

**ഹരിതവേദി രൂപീകരണം: ചെറുകര:** ഫാ. ജേക്കബ് കളപ്പുരയുടെ അദ്ധ്യക്ഷതയിൽ ഹരിതവേദി രൂപീകരിച്ചു. **ഏറ്റുമാനൂർ:** ഫാ. എബ്രഹാം പറമ്പേട്ടിന്റെ അദ്ധ്യക്ഷതയിൽ ഹരിതവേദി രൂപീകരിച്ചു.

**പി.ആർ.എ.: ഏറ്റുമാനൂർ:** പങ്കാളിത്താധിഷ്ഠിതമായ പഠനത്തെക്കുറിച്ച് ശ്രീ. ബിനോയി, ശ്രീ. അനു എന്നിവർ ക്ലാസ്സുകൾ നയിച്ചു. **മാറിടം:** ദിവ്യാ വനിതാ ഗ്രൂപ്പിന്റെ വാർഷികം ഫാ. ഫിലിപ്പ് രാമച്ചനാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടി. കോർഡിനേറ്റർ ജെസി മാത്യു ആശംസയർപ്പിച്ചു.

**വരുമാനപദ്ധതികൾ: കിടങ്ങൂർ:** ഗൃഹലക്ഷ്മി ഗ്രൂപ്പിലെ ചന്ദ്രമണി, വത്സല, വിജയമ്മ കെ. എന്നിവർ ചേർന്നു പലഹാരക്കച്ചവടം നടത്തുന്നു. **കിടങ്ങൂർ:** ഗൃഹലക്ഷ്മി ഗ്രൂപ്പിലെ ലീലാമ്മ ഷേർളി എന്നിവർ ചേർന്നു നിത്യോപയോഗസാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്നു. **മാറിടം:** നവോമി ഗ്രൂപ്പിലെ അംഗമായ മോളിബേബി നിത്യോപയോഗസാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്നു.

**പുന്നത്തുറ:** സ്നേഹഗ്രൂപ്പിലെ അജിത മണി റെഡിമെയ്ഡ് കച്ചവടം നടത്തുന്നു. **ചേർപ്പുങ്കൽ:** സ്മാർട്ട് ഗ്രൂപ്പിന്റെ 100-ാമത്തെ മീറ്റിംഗ് ആഘോഷിച്ചു.

**മേഖലാതല ഭാരവാഹികളുടെ മീറ്റിംഗ്:** ഗ്രാമതല, മേഖലാതല ഭാരവാഹികളുടെ മീറ്റിംഗ് കോർഡിനേറ്റർ ജെസിമാത്യുവിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 9-ാം തിയതി കൂടി. വനിതാദിനമാഘോഷിക്കുന്നതിനെക്കുറിച്ചും ഗ്രാമങ്ങളിൽ ഗ്രാമോത്സവം നടത്തുന്നതിനെക്കുറിച്ചും, കുടുംബസംഗമം, ഗ്രാമങ്ങളിൽ യൂണിഫോം, സെമിനാറുകൾ, എന്നിവ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**നിര്യാതനായി:** കൂടല്ലൂർ സീനിയർ സിറ്റിസൺ ഗ്രൂപ്പ് അംഗമായ മത്തായി ഔസേഫ്, പുന്നശ്ശേരിൽ നിര്യാതനായി.

**സീനിയർ സിറ്റിസൺസ്ഗ്രൂപ്പ് തീർത്ഥാടനം:** കിടങ്ങൂർ മേഖലയിലെ കട്ടച്ചിറ, കൂടല്ലൂർ, മറ്റക്കര, പുന്നത്തുറ, നീറിക്കാട്, ചേർപ്പുങ്കൽ, കിടങ്ങൂർ എന്നീ ഗ്രാമങ്ങളിലെ സീനിയർ സിറ്റിസൺ ഗ്രൂപ്പിലെ അംഗങ്ങൾ സംയുക്തമായി വല്ലാർപാടം, കണ്ണമാലി, അന്ന അലുമിനിയം ഫാക്ടറി, ബീച്ച്, പാർക്ക് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

**ലീഡ് ഫാർമേഴ്സിന്റെ മീറ്റിംഗ്:** ഫെബ്രുവരി 9-ാം തിയതി കിടങ്ങൂർ കെ.സി.വൈ.എൽ. ഹാളിൽ വച്ച് ശ്രീ. അൻജിത്ത് ലീഡ്ഫാർമേഴ്സിന് ഹരിതവേദിയുടെ ലക്ഷ്യങ്ങൾ, ബന്ധം സ്ഥാപിക്കൽ, സംഘരൂപീകരണം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സെടുത്തു.

## മലങ്കര മേഖല

**നവോമി സംഗമം:** കുന്നങ്കര, വാകത്താനം, വെളിയനാട്, ചിങ്ങവനം എന്നീ സ്ഥലങ്ങളിലെ നവോമി ഗ്രൂപ്പ് സംഗമം ചിങ്ങവനത്ത് നടന്നു. ഫാ. ലല്ലൂ കൈതാരം അദ്ധ്യക്ഷത വഹിച്ചു. ശ്രീ. അൻജിത്ത് എബ്രഹാം ജാൻസി ജോയി, കുമാരി സ്മിത എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഭാവി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

**ഗ്രാമതല സെമിനാർ:** വാകത്താനം പള്ളി പാരിഷ്ഹാളിൽ വച്ച് പഞ്ചായത്ത് പ്രസിഡന്റ് ലൈസാമ്മ ജോർജിന്റെ അദ്ധ്യക്ഷതയിൽ ക്യാൻസർ ബോധവത്കരണ സെമിനാർ നടത്തി. കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ജോജോ ജോസഫും, കെ.എസ്.എസ്.എസ്. പ്രവർത്തകരും നേതൃത്വം നൽകി. ഫാ. ജെയിംസ് പൂത്ത്യക്കയിൽ ഉദ്ഘാടനം ചെയ്തു. മോൺ. ജേക്കബ് കൊല്ലാപറമ്പിൽ ആശംസയും നേർന്നു.

**ക്രെഡിറ്റ് കോപ്പറേറ്റീവ് എക്സിക്യൂട്ടീവ്:** വെളിയനാട്, ക്രെഡിറ്റ് കോപ്പറേറ്റീവ് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മാർച്ച് മുതൽ തുടങ്ങാനിരിക്കുന്ന പ്രവർത്തനത്തെപ്പറ്റി ചർച്ച ചെയ്തു.

**സൗഹൃദസന്ദർശനം:** വെളിയനാട് ഐശ്വര്യാ ഗ്രൂപ്പ് ചിന്നമ്മ ബേബിയുടെ ഭവനത്തിലും, കുറ്റൂർ ഐശ്വര്യ ഗ്രൂപ്പ് മാമ്പുഴത്ത് ജാനകിയമ്മയുടെ ഭവനത്തിലും കല്ലിശ്ശേരി ഐശ്വര്യ ഗ്രൂപ്പ് അമ്മിണി കുട്ടപ്പന്റെ ഭവനത്തിലും സൗഹൃദ സന്ദർശനം നടത്തി.

**പുതിയ ഗ്രൂപ്പുകൾ:** പാച്ചിറയിൽ ഹോളിമേരി, വാകത്താനത്ത് ഉദയ, ഇരവിപേരൂരിൽ സ്നേഹദീപം എന്നീ പേരുകളിൽ വനിതാ ഗ്രൂപ്പുകളും കുന്നങ്കരിയിൽ സീനിയർ സിറ്റിസൺ ഗ്രൂപ്പും രൂപീകരിച്ച് ഭാരവാഹികളെ തെരഞ്ഞെടുത്തു.

**നിര്യാതയായി:** വാകത്താനം സത്യദീപം ഗ്രൂപ്പിലെ ജോയിന്റ് സെക്രട്ടറി ലീലാമ്മ വർഗീസ് നിര്യാതയായി.

**വരുമാന പദ്ധതി: വെളിയനാട്:** മഡോണ ഗ്രൂപ്പ് അംഗങ്ങൾ മെഴുകുതിരി, സർഫ്, ഉജാല എന്നിവ ഉണ്ടാക്കി വിൽക്കുന്നു. സീനിയർ സിറ്റിസൺസ് ഗ്രൂപ്പിലെ മറിയാമ്മ ജോസഫ് തേയില, കാപ്പിപ്പൊടി എന്നിവ വിൽക്കുന്നു. കരുണ ഗ്രൂപ്പ് പഞ്ചസാര കച്ചവടം നടത്തുന്നു. പാച്ചിറ, സൗഭാഗ്യ ഗ്രൂപ്പിലെ ചിന്നമ്മ കുട്ടപ്പൻ നെയ്യപ്പവും മറ്റു പലഹാരങ്ങളും വിൽക്കുന്നു. ഗൃഹലക്ഷ്മി ഗ്രൂപ്പിലെ ഏലിയാമ്മ ചാക്കോ മണ്ണിരവള വരുമാന പദ്ധതി ആരംഭിച്ചു. **ഓതറ:** ഇമ്മാനുവേൽ, ലീലാമ്മ കുര്യാക്കോസ്, എൽസമ്മ മാത്യു എന്നിവർ പച്ചക്കറി കൃഷി ചെയ്യുന്നു. ചിങ്ങവനം കൃപാ ഗ്രൂപ്പിലെ മോളി തേങ്ങാക്കച്ചവടം നടത്തുന്നു. റോസമ്മ ഫിലിപ്പ് മണ്ണിരവള വരുമാന പദ്ധതിയും വാകത്താനം സ്നേഹദീപം ഗ്രൂപ്പിലെ രമണി തമ്പി കറിപ്പൊടി വിൽപനയും നടത്തുന്നു. ഇരവിപേരൂർ കരുണഗ്രൂപ്പ് അരിക്കച്ചവടം, റാന്നി സേവനി ഗ്രൂപ്പ് സോപ്പ്, പൽപ്പൊടി എന്നിവയും ഉണ്ടാക്കി വിൽക്കുന്നു.



**പെട്ടിക്കട നടത്തി:** കല്ലിശ്ശേരി: വിജയഗ്രൂപ്പ്, സ്കൂൾ വാർഷികത്തോടനുബന്ധിച്ച് ഐസ്ക്രീം, ചായ, നാരങ്ങാവെള്ളം എന്നിവയുടെ സ്റ്റാൾ ഇടുകയും വിൽപ്പന നടത്തുകയും ചെയ്തു.

**മെമ്മോറാണ്ടം നൽകി നേടിയെടുത്തു:** റാന്നി: സ്വാശ്രയസംഘാംഗങ്ങൾ കുടിവെള്ള പ്രശ്നത്തിനു മെമ്മോറാണ്ടം വാട്ടർ അതോറിറ്റിക്കും മറ്റ് അധികാരികൾക്കു നൽകുകയും കുടിവെള്ള പ്രശ്നം പരിഹരിക്കുകയും ചെയ്തു.

## കടുത്തുരുത്തി മേഖല

**പുതിയ ഗ്രൂപ്പുകൾ:** ഞീഴൂർ, അറുനൂറ്റിമംഗലം എന്നീ ഗ്രാമങ്ങളിൽ ഒരു സീനിയർ സിറ്റിസൺഗ്രൂപ്പും, ഒരു വനിതാഗ്രൂപ്പും രൂപീകരിച്ചു.

**ലീഡേഴ്സ് മീറ്റിംഗ്:** പിറവം: കുറുപ്പന്തറ, കരിപ്പാടം, മാങ്ങിടപ്പള്ളി എന്നീ സ്ഥലങ്ങളിൽ ലീഡേഴ്സ് മീറ്റിംഗ് ബഹു. വികാരിയച്ചൻമാരുടെ അദ്ധ്യക്ഷതയിൽ കൂടുകയും വനിതാദിനം ഗ്രാമോത്സവം, ഗ്രൂപ്പിന്റെ ഭാവി പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്തു.

**സ്മാർട്ട് സംഗമം:** തോട്ടറ ഫാ. തോമസ് ഇടത്തിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ തോട്ടറ, പിറവം, മാങ്ങിടപ്പള്ളി എന്നീ ഗ്രാമങ്ങൾ സംയുക്തമായി സ്മാർട്ട് സംഗമം നടത്തി. അനിറ്റാ പി. ജോയി സ്വാഗതവും അഡ്വ. വി. സി. ജോയി വേഴപ്പറമ്പിൽ ഉദ്ഘാടനവും നിർവഹിച്ചു. പ്രോജക്ട് ഓഫീസർ ശ്രീ. സിറിയക് ക്ലാസ്സ് നയിച്ചു.

**സെമിനാർ:** പാഴത്തുരുത്ത് ജനുവരി 4-ാം തിയതി ഫാ. ബിജു മാളിയേക്കൽ കുടുംബജീവിതത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു.

**ഗ്രാമ-മേഖല ഭാരവാഹി സംഗമം:** കടുത്തുരുത്തി: 2004 ജനുവരി 30-ാം തിയതി കടുത്തുരുത്തി പാരിഷ്ഹാളിൽ വച്ച് മേഖലാ വനിതാ പ്രസിഡന്റ് റീബാ സജിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ 50 മേഖലാ ഭാരവാഹികൾ പങ്കെടുത്തു. പ്രസ്തുത മീറ്റിങ്ങിൽ മാർച്ച് 8-ാം തിയതി കടുത്തുരുത്തിയിൽ വച്ച് നടത്താനിരിക്കുന്ന വനിതാദിനാഘോഷങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ഗ്രാമോത്സവത്തിന്റ് പ്രാധാന്യം, ഗ്രാമതല സെമിനാറുകൾ ഇവ കോർഡിനേറ്റർ ജാൻസി ജോയിയുടെ നേതൃത്വത്തിൽ വിലയിരുത്തി.

## ഉഴവൂർ മേഖല

**ഗ്രാമോത്സവം:** ഗ്രാമതലത്തിൽ രൂപീകരിച്ചിരിക്കുന്ന വിവിധ സ്വാശ്രയ സംഘാംഗങ്ങളുടെ വാർഷിക മഹോത്സവമായ ഗ്രാമോത്സവം വെളിയന്നൂരിൽ ഫെബ്രുവരി 20ന് നടന്നു. ശ്രീ. അൻജിത്ത് എബ്രഹാം, സി. ലിനറ്റ്, ശ്രീ. ജോൺ പുല്ലാപ്പള്ളി എന്നിവർ ക്ലാസ്സുകൾ നയിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ഫാ. ബ്രസ്സൻ ഒഴുങ്ങാലിൽ അദ്ധ്യക്ഷനായിരുന്നു. ശ്രീമതി ഷിബി മത്തായി ഉദ്ഘാടനവും ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണവും സി. ജിജി ആശംസയും നിർവഹിച്ചു.

**സ്വയംതൊഴിൽ:** പുതുവേലി നവജീവൻ ഗ്രൂപ്പിലെ ലീലാമ്മ വർക്കി നിത്യോപയോഗ സാധനങ്ങൾ എടുത്ത് വില്പന നടത്തുന്നു. **അമനകര:** കാരുണ്യാ ഗ്രൂപ്പിലെ സരസമ്മ ഭാസ്കരൻ, മുളക്, മല്ലി പൊടിച്ച് വില്പന നടത്തുന്നു.

**ഹാജർ സമ്മാനം നൽകി:** അരീക്കര: ഐശ്വര്യ ഗ്രൂപ്പിലെ അംഗങ്ങൾക്കു ഹാജർ സമ്മാനം നൽകി.

**സീനിയർ ഗ്രൂപ്പ്:** മേഖലാതലത്തിൽ സംയുക്തമായി സി. ആൻസി ടോം, ആൻസി സ്റ്റീഫൻ എന്നിവരുടെ നേതൃത്വത്തിൽ അർത്തുങ്കൽ, ആലപ്പുഴ, കൈനകരി എന്നീ സ്ഥലങ്ങളിൽ വിനോദയാത്ര നടത്തി.

**ചികിൽസാ സഹായം:** വെളിയന്നൂർ യൂണിറ്റിലെ സ്നേഹഗ്രൂപ്പിന്റെ അംഗത്തിന്റെ മകന് എല്ലാ ഗ്രൂപ്പുകളും സംയുക്തമായി 2500 രൂപ സഹായം നൽകി.

**ഗ്രാമതല സെമിനാർ:** അരീക്കര സെന്റ് റോക്കീസ് എൽ.പി. സ്കൂളിൽ വച്ച് നടത്തിയ ഗ്രാമതല സെമിനാറിൽ ശ്രീ. ലിൻസ് കുടുംബ ബന്ധങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

**കെ.എസ്.എസ്.എസ്. സ്റ്റാൾ:** കെ.എസ്.എസ്.എസ്.ന്റെ ആഭിമുഖ്യത്തിൽ മോനിപ്പള്ളി, അമനകര, വെളിയന്നൂർ, അരീക്കര, പയസ്മൗണ്ട് എന്നീ പള്ളികളിൽ തിരുനാളിനോടനുബന്ധിച്ച് സ്വാശ്രയ അംഗങ്ങൾ സ്റ്റാൾ നടത്തി.

**വരുമാന പദ്ധതി:** ശ്രീമതി സുനി ജോണി വിപണനകേന്ദ്രത്തിൽ നിന്നും സാധനങ്ങൾ എടുത്തു വിൽക്കുന്നു.

## ഹൈറേഞ്ച് മേഖല

**ഗ്രാമതല സെമിനാർ:** ചക്കുപള്ളത്ത് കെ.എസ്.എസ്.എസ്. സ്വാശ്രയസംഘാംഗങ്ങളുടെ ഗ്രാമതല സെമിനാർ നടന്നു. സ്വാശ്രയ ജീവിതശൈലിയെക്കുറിച്ച് ശ്രീമതി ബെസി ജോസ് ക്ലാസ്സുകൾ നയിച്ചു. ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ഫിലിപ്പ് മുടക്കാലിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. അനിമേറ്റർ എൽസമ്മ തോമസ്, ഗ്രാമതല ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. **നാരകക്കാനം:** കെ.എസ്.എസ്.എസ്. ഗ്രൂപ്പംഗങ്ങളുടെ ഗ്രാമതല സെമിനാർ നടന്നു. ശ്രീ. സിറിയക് ജോസഫ്, ശ്രീ. സ്റ്റീഫൻ വി.ജി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. അനിമേറ്റർ, ഗ്രാമതല ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**പുതിയ ഫെഡറേഷൻ ഭാരവാഹികൾ: വനിതാഗ്രൂപ്പ്:** പ്രസിഡന്റ് – ലിസ്സി ജോസഫ് ചക്കുപള്ളം, സെക്രട്ടറി – ആലീസ് ബെന്നി ബൈസൺവാലി, വൈസ് പ്രസിഡന്റ് – ലീലാമ്മ ജോസഫ് തടിയമ്പാട്, ജോയിന്റ് സെക്രട്ടറി – ഇന്ദിര പൊന്നപ്പൻ തെള്ളിത്തോട്, ട്രഷറർ – സിബിൾ പീറ്റർ – പടമുഖം. കമ്മിറ്റി മെമ്പേഴ്സ്: ലീല സ്കറിയ സേനാപതി, മേരി ജോയി എൻ. ആർ. സിറ്റി, ഗ്രേസി മാത്യു പൂതാളി, വൽസമ്മ ചാക്കോ നാരകക്കാനം. **നവോമി ഗ്രൂപ്പ്:** പ്രസിഡന്റ് – ചിന്നമ്മ ഇട്ടിര ബൈസൺവാലി, സെക്രട്ടറി – ജയമോഹൻ ചക്കുപള്ളം, ട്രഷറർ – ശാന്ത വി.കെ. തെള്ളിത്തോട്.



**ഉദ്ഘാടനം:** തെള്ളിത്തോട്ടിലെ അൽഫോൻസാ വനിതാ ഗ്രൂപ്പ് പുതിയതായി പണികഴിപ്പിച്ച പലചരക്കു കടയുടെ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മവും, ഉദ്ഘാടനവും യഥാക്രമം ഫാ. മാത്യു കണ്ണാലയിൽ, ഫാ. വിൻസൺ കുരുട്ടുപറമ്പിൽ എന്നിവർ നിർവഹിച്ചു. കോർഡിനേറ്റർ സ്റ്റീഫൻ വി.യു. , അനിമേറ്റർ ചിന്നമ്മ ചാക്കോ എന്നിവർ സംബന്ധിച്ചു.

**ശ്രമദാനം:** പൂതാളി: സൗഹൃദയ ഗ്രൂപ്പിലെ ഒരംഗത്തിന് വീടു നിർമ്മിക്കുവാൻ ഗ്രൂപ്പംഗങ്ങൾ രണ്ടുദിവസം ശ്രമദാനം നടത്തി. അഞ്ജലി ഗ്രൂപ്പിലെ ഒരംഗത്തിന്റെ വീട് നിർമ്മാണത്തിൽ ഗ്രൂപ്പംഗങ്ങൾ ശ്രമദാനം നടത്തി. തിരുനാളിനോടനുബന്ധിച്ച് എല്ലാ ഗ്രൂപ്പംഗങ്ങളും പള്ളിയും പരിസരവും വൃത്തിയാക്കി.

## സവിശേഷ ദിനങ്ങൾ

**മാർച്ച് 8 – അന്താരാഷ്ട്ര വനിതാദിനം:** ലോകമെങ്ങുമുള്ള വനിതകൾ തങ്ങളുടെ സ്വകാര്യജീവിതത്തിലും സമൂഹജീവിതത്തിലും മാതൃകായോഗ്യമായി വ്യാപരിക്കുന്നുണ്ടോ എന്നു സ്വയം വിചിന്തനം ചെയ്യുവാനും, വനിതകളുടെ അവകാശ സംരക്ഷണത്തിനും സ്വാതന്ത്ര്യത്തിനുമായി സമൂഹവും ഗവൺമെന്റുകളും വേണ്ടത്ര ജാഗ്രതയോടെ വർത്തിക്കുന്നുണ്ടോ എന്നു വിലയിരുത്തുവാനുമാണ് ഈ ദിനാചരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

**മാർച്ച് 22 – ലോക ജലദിനം:** പ്രകൃതിനാഥൻ കനിഞ്ഞു നൽകുന്ന ജലസമ്പത്ത് ഒട്ടും നഷ്ടപ്പെടുത്താതെ, പരസ്പരം പങ്കുവച്ചനുഭവിക്കാനും മഴവെള്ളം സംഭരിച്ചു ജലക്ഷാമം പരിഹരിക്കുവാനും നടപടികൾ സ്വീകരിക്കേണ്ട ദിനമാണിത്.

**മാർച്ച് 25 – ജീവൻദിനം:** ലോകരക്ഷകനായ യേശുക്രിസ്തുവിനെ പരിശുദ്ധ കന്യകാമറിയം ഗർഭം ധരിച്ചദിനം. ലോകമെങ്ങുമുള്ള സ്ത്രീകളിൽ തങ്ങളിൽ ഉത്ഭുതരാകുന്ന ശിശുക്കൾക്ക് സർവ്വശ്രദ്ധയും ചെലുത്തണമെന്ന് ഉദ്ബോധിപ്പിക്കുകയും ജീവന്റെയും മാതൃത്വത്തിന്റെ മഹനീയത ഉയർത്തിക്കാണിക്കുകയും ചെയ്യേണ്ട ദിനം.

**ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഗ്രാമവികസന സമിതികളിലേക്ക് ലഭിച്ച സംഭാവനകൾ**

| ഗ്രാമവികസന സമിതി | നൽകിയ വ്യക്തി / ഗ്രൂപ്പ് | തുക |
|---|---|---|
| അറുനൂറ്റിമംഗലം | അറുനൂറ്റിമംഗലം ഇടവകാംഗങ്ങൾ | 11,000 |
| മോനിപ്പിള്ളി | ഒരു അഭ്യുദയകാംക്ഷി | 4001 |
| മോനിപ്പിള്ളി | സ്റ്റീഫൻ ആരിച്ചാൽ | 500 |
| അമനകര | ജോൺ തോമസ് പാറയിൽ | 10,000 |
| കൈപ്പുഴ | മിഖായേൽ ഗ്രൂപ്പ് | 1000 |
| കുറുപ്പന്തറ | ശ്രീമതി ഏലിയാമ്മ ഫിലിപ്പ് | 500 |

**Published by KSSS at Chaithanya**

**For Private Circulation among its partners in development.**